## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *629 — 11/07/2012 ൽ മറുപടിക്ക്

## ദുരന്ത പ്രതികരണ സംഘം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ:<br>ശ്രീ.കെ. ശിവദാസൻ നായർ:<br>ശ്രീ.ഐ സി. ബാലകൃഷ്ണൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) എല്ലാ ജില്ലകളിലും പോലീസിന്റെ ദുരന്ത പ്രതികരണ സംഘം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ദുരന്തനിവാരണത്തിനായി RRRF (Rapid Response & Rescue Force) ന്റെ ഘടനയും, പ്രവർത്തനങ്ങളും പുന:സംഘടിപ്പിച്ച് സംസ്ഥാന ദുരന്ത നിവാരണസേന [ State Disaster Relief Force- (SDRF) ] രൂപീകരിക്കുന്നതിന് 30.11.2010 ലെ ജി.ഒ(ആർ.റ്റി) 3593/2010/ആഭ്യന്തരം നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുന്ന വേളയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി പതിന്നാലുജില്ലകളിൽനിന്നും ഇരുപതു വീതവും തൃശ്ശൂർ ഒഴികെയുള്ള നാല് കോർപ്പറേഷനുകളിൽ നിന്ന് ഇരുപത് വീതവും പോലീസ് സേനാംഗങ്ങൾ ഉൾപ്പെടെ ആകെ 360 പേരടങ്ങുന്ന സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിക്കുന്നതിൻെറ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശം നൽകുമോ ; | (ബി) ആഭ്യന്തര സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി തീവ്രവാദഭീഷണി ചെറുക്കുന്നതിനും മനുഷ്യനിർമ്മിതവും പ്രകൃതിജന്യവുമായ ദുരന്തങ്ങളിൽ വളരെ വേഗത്തിലും ഫലപ്രദമായും പ്രവർത്തിക്കുന്നതിനുമായാണ് സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) സംഘത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവും പരിശീലനത്തിനുള്ള ചെലവും ആരാണ് വഹിക്കുന്നത്; | (സി) പ്രകൃതി ക്ഷോഭനിവാരണ പ്രവർത്തനങ്ങളിൽ കാര്യശേഷി വർദ്ധിപ്പിക്കൽ (കപ്പാസിറ്റി ബിൽഡിംഗ്) പദ്ധതികൾക്കായി ധനകാര്യകമ്മീഷൻ അനുവദിച്ച നാലു കോടി രൂപയിൽ നിന്നുള്ള വിഹിതവും, സംസ്ഥാന ദുരന്തനിവാരണ നിധിയുടെ സെർച്ച് ആൻറ് റസ്ക്യൂ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അഞ്ചുശതമാനം തുകയും സേനാംഗങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായും പരിശീലനം നൽകുന്നതിനായും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും ചേർന്നതാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി. |
| (ഡി) പ്രസ്തുത ചെലവ് കേന്ദ്രം വഹിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ